# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5811 | 28.03.2018-ൽ മറുപടിയ്ക്ക്

## ഗവൺമെന്റ് പ്രസ്സുകളിൽ ഡെപ്യൂട്ടി സൂപ്രണ്ട്/അസിസ്റ്റന്റ് സൂപ്രണ്ട് തസ്തികകൾ

| ചോദ്യം | | | മറുപടി |
|---|---|---|---|
| **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** | | | **പിണറായി വിജയൻ** (മുഖ്യമന്ത്രി) |
| (എ) | സംസ്ഥാനത്ത് നിലവിൽ എത്ര ഗവൺമെന്റ് പ്രസ്സുകളിൽ ഡെപ്യൂട്ടി സൂപ്രണ്ട്/അസിസ്റ്റന്റ് സൂപ്രണ്ട് തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു എന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് നിലവിൽ ഡെപ്യൂട്ടി സൂപ്രണ്ട് തസ്തികയുടെ ഓരോ ഒഴിവുവീതം ഗവ.സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം ,സർക്കാർ മുദ്രനിർമ്മാണശാല, തിരുവനന്തപുരം എന്നിവിടങ്ങളിലും അസിസ്റ്റന്റ് സൂപ്രണ്ട് തസ്തികയുടെ ഓരോ ഒഴിവുവീതം ഗവ.പ്രസ്സ്, മണ്ണന്തല, ഗവ.സെൻട്രൽ പ്രിസൺ പ്രസ്സ് തിരുവനന്തപുരം ,ഗവ. പ്രസ്സ്, ഷൊർണ്ണൂർ എന്നിവിടങ്ങളിലും ഒഴിഞ്ഞുകിടക്കുന്നു. |
| (ബി) | സാങ്കേതിക വിഭാഗം ജീവനക്കാരുടെ കുറവുമൂലം പ്രിന്റിംഗ് ജോലികൾ ചെയ്തു തീർക്കുവാൻ കഴിയാത്ത അവസ്ഥ നിലവിലുണ്ടോ; നിലവിൽ എന്തൊക്കെ പ്രിന്റിംഗ് ജോലികൾ പുറത്തു കൊടുത്തു ചെയ്യുന്നുണ്ട്; ആവശ്യത്തിന് ജീവനക്കാരെ നിയമിച്ചാൽ ഇത്തരം ജോലികൾ ഗവൺമെന്റ് പ്രസ്സുകളിൽ തന്നെ ചെയ്തു തീർക്കുവാൻ കഴിയുമോ; | (ബി) | അച്ചടിവകുപ്പിൽ സാങ്കേതിക വിഭാഗം ജീവനക്കാരുടെ കുറവ് ഉണ്ടെങ്കിലും ലഭ്യമാകുന്ന അച്ചടി ജോലികൾ ചെയ്തു തീർക്കുന്നുണ്ട്. ഈ വകുപ്പിൽ ലഭ്യമാകുന്ന അച്ചടി ജോലികൾ പുറത്ത് കൊടുത്ത് ചെയ്യുന്നില്ല. |
| (സി) | ഏതെങ്കിലും ഗവൺമെന്റ് പ്രസ്സുകളിൽ ഇത്തരത്തിൽ ഡെപ്യൂട്ടി | (സി) | ഗവ.പ്രസ്സുകളിൽ ഡെപ്യൂട്ടി സൂപ്രണ്ട് തസ്തിക അപ്ഗ്രേഡ് ചെയ്യണമെന്നത് |

| | | |
|---|---|---|
| | സൂപ്രണ്ട് തസ്തിക അപ്ഗ്രേഡ് ചെയ്യണമെന്ന പ്രൊപ്പോസൽ സർക്കാരിൽ നിലവിലുണ്ടോ; കണ്ണൂർ ഗവൺമെന്റ് പ്രസ്സിൽ നിലവിലെ തസ്തിക ഡെപ്യൂട്ടി സൂപ്രണ്ടാക്കി മാറ്റുന്ന പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | സംബന്ധിച്ചോ കണ്ണൂർ ഗവ.പ്രസ്സിൽ നിലവിലെ തസ്തിക ഡെപ്യൂട്ടി സൂപ്രണ്ടാക്കി മാറ്റുന്നത് സംബന്ധിച്ചോ പ്രൊപ്പോസലുകളും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ